(ബി) ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും ആവശ്യമായ വാർഡൻമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ വാർഡൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മോഡൽ പ്രിസൺ മാന്വലിൽ 6 തടവുകാർക്ക് ഒരു വാർഡൻ എന്നാണ് ശിപാർശ. ഈ അനുപാതത്തിൽ നിലവിൽ ജയിൽ വാർഡർമാർ ജയിൽ വകുപ്പിലില്ല. ജയിൽ വകുപ്പിൽ പുതിയ വാർഡർമാർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) നിലവിൽ 54 ഒഴിവുകൾ ഉണ്ട്. ഇവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആർ.എസ്.എസ്. നേതാവിന്റെ വിരുന്ന് സൽക്കാരം**

**234 (242)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മണലൂരിൽ, ആർ. എസ്. എസ്. നേതാവിന്റെ വിരുന്ന് സൽക്കാരത്തിൽ ഒരു എ.ഡി.ജി.പി. പങ്കെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്കിൽ പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ;

(ബി) മുന്നറിയിപ്പുകൾ അവഗണിച്ച് പ്രസ്തുത വിരുന്നുസൽക്കാരത്തിൽ പങ്കെടുത്തതിന് എ.ഡി.ജി.പി. യുടെ പേരിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എ. ഡി. ജി. പി.യുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

(സി) പ്രസ്തുത വിരുന്ന് സൽക്കാരം സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത നേതാവ് ഏതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മണലൂരിൽ കാർഗിൽ രക്തസാക്ഷികളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്ത ശേഷം സംഘാടകർ സമീപത്തുള്ള ഒരു വീട്ടിൽ ചായ കഴിക്കാൻ ക്ഷണിച്ചതുപ്രകാരം എ.ഡി.ജി.പി. ഋഷിരാജ് സിംഗ് വിജീഷ് എന്നയാളുടെ വീട് സന്ദർശിക്കുകയുണ്ടായി. വിജീഷിന്റെ പശ്ചാത്തലത്തെക്കുറിച്ച് ആ സമയത്ത് എ.ഡി.ജി.പി.-ക്ക് അറിവുണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചടങ്ങിന് ശേഷം പെട്ടന്നുണ്ടായ കാര്യമായതിനാൽ മുന്നറിയിപ്പിന്റെ അവസരം ഉണ്ടായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിജീഷ് ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 58/11, ക്രൈം നമ്പർ 1246/11 എന്നീ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ആർ.എസ്.എസ്. ആക്രമണങ്ങൾ**

**235 (243)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ഹിന്ദു തീവ്രവാദ സംഘടനകളും തങ്ങളെ എതിർക്കുന്ന എല്ലാവർക്കുമെതിരെ സംഘടിതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിരിക്കുന്നത് സർക്കാരിനറിയാമോ;

(ബി) സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും നേരെ ഈ സംഘടനകൾ വെല്ലുവിളി ഉയർത്തിയ ഒട്ടേറെ സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയാമോ ;

(സി) സംസ്ഥാനത്തിന്റെ മതനിരപേക്ഷ-ജനാധിപത്യ സംസ്കാരത്തിന് കളങ്കം ചാർത്തുന്ന നടപടികളിൽ ഏർപ്പെട്ട ഈ സംഘടനകളോടുള്ള സർക്കാർ സമീപനം വെളിപ്പെടുത്താമോ ;

(ഡി) വർഗ്ഗീയ വിപത്തുണ്ടാക്കാൻ ഈ സംഘടനകൾ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ തടയാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly